പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 235 — 03.02.2020 -ൽ മറുപടിക്ക്

## ടെലി മെഡിസിൻ സംവിധാനം

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | മറുപടി<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ടെലി മെഡിസിൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് സംവിധാനം ഉള്ളതെന്ന് വിശദമാക്കാമോ; ഏത് സർക്കാർ ഏജൻസികൾ മുഖേനയാണ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ: | (എ) ഉണ്ട്. നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ തിരുവനന്തപുരം. ആലപ്പുഴ, തൃശ്ശൂർ , കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ടെലിമെഡിസിൽ സംവിധാനം പ്രവർത്തിക്കുന്നു. തിരുവനന്തപുരം. തൃശ്ശൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ സീഡാക്ക് എന്ന സർക്കാർ ഏജൻസി മുഖേനയും ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഐ.എസ്.ആർ.ഓ മുഖേനയുമാണ് ടെലിമെഡിസിൻ സംവിധാനം സ്ഥാപിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ 26 സ്ഥാപനങ്ങളിൽ ടെലി മെഡിസിൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ 11 സ്ഥാപനങ്ങളിൽ ടെലി മെഡിസിൻ യൂണിറ്റ് പ്രവർത്തനം നടന്നു വരുന്നു. ജനറൽ ആശുപത്രികളായ തിരുവനന്തപുരം, നെയ്യാറ്റിൻകര, പത്തനംതിട്ട, എറണാകുളം, പാലക്കാട്,തൃശ്ശൂർ, മാനന്തവാടി എന്നിവിടങ്ങളിലും താലൂക്കാസ്ഥാനാ ശുപത്രികളായ വൈത്തിരി, കൊയിലാണ്ടി, എന്നിവിടങ്ങളിലും ജില്ലാശുപത്രികളായ തൊടുപുഴ, കാസർഗോഡ്, കൊല്ലം എന്നിവയിലും സാമൂഹ്യാരോഗ്യ കേന്ദ്രമായ വയനാട്ടിലെ നല്ലൂർനാട്ടിലും കൂടാതെ |

| | | | |
|---|---|---|---|
| | | | മൊബൈൽ ടെലി മെഡിസിന്റെ ഒരു യൂണിറ്റ് പാലക്കാട്ടും പ്രവർത്തനം നടത്തി വരുന്നു. കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ലൈഫ് കെയർ, സി-ഡാക്ക്, ഐ.എസ്.ആർ.ഒ എന്നീ ഏജൻസികൾ മുഖാന്തിരമാണ് ഇവിടങ്ങളിൽ ടെലി മെഡിസിൻ സേവനം നടപ്പിലാക്കുന്നത്. |
| (ബി) | ഉൾവനത്തിലെ ആദിവാസി കോളനികളിൽ ടെലി മെഡിസിൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ; ജില്ലാ ആശുപത്രി യുമായി ആദിവാസി കോളനികളെ ടെലിമെഡിസിൻ സംവിധാനത്തിൽ ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആദിവാസി കോളനികളോട്ടു ചേർന്നുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയെ ടെലിമെഡിസിൻ സംവിധാനം വഴി ആ ജില്ലയിലുള്ള ജില്ലാശുപത്രികളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന്റെ പ്രരംഭഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.. |
| (സി) | പി.എച്ച്.സി.കളെയും എഫ്.എച്ച്.സി.കളെയും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള സർക്കാർ ആശുപത്രികളുമായി ടെലി മെഡിസിൻ സംവിധാനത്തിൽ ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഈ വിഷയം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**